മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : ഒരു മാസത്തേക്ക് Typist clerk ഉണ്ടായിരുന്നുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉണ്ടായിരുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : യുദ്ധകാലത്ത് ഡയറക്ടർ ഓഫ് പബ്ലിസിറ്റി എന്നായിരുന്നുവോ പേർ?

മിസ്റ്റർ പി ഗോവിന്ദമേനോൻ : വാർപബ്ലിസിറ്റി ആഫീസർ എന്നായിരുന്നു.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഇപ്പോൾ വാർ എടുത്തു കളയുകയാണോ ചെയ്തത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : വാർകഴിഞ്ഞതുകൊണ്ട് അതു് എടുത്തുകളയുകയാണു ചെയ്തതു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഇതു് തുടൻകൊണ്ടുപോകണമെന്നു് വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇതു പരിഷ്കരിക്കേണ്ടകാര്യം ആലോചനയിലിരിക്കയാണു്.

മിസ്റ്റർ പി. എ. മുഹമ്മദു് അഷറഫ് : പബ്ലിസിറ്റിയും, ഇൻഫർമേഷനും തമ്മിലുള്ള വ്യത്യാസമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : പബ്ലിസിറ്റിയെന്നുള്ളതു് പ്രസിദ്ധപ്പെടുത്തുകയാണു്. ഇൻഫർമേഷൻ എന്നുള്ളതു് വിവരങ്ങൾ കൊടുക്കുകയാണു്.

DISTRIBUTION OF MULL TO NURSES IN HOSPITALS

107. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ —

(എ) ആശുപത്രികളിലെ നേഴ്സിന്നു രണ്ടുകൊല്ലംമുമ്പുവരെ പ്രതിവർഷം എത്രവാരമൽ ഗവൺമെണ്ടിൽനിന്നും വിതരണം ചെയ്തിരുന്നു;

(ബി) ഇപ്പോൾ എത്രവാരമൽ വിതരണം ചെയ്യുന്നുണ്ടു്;

(സി) കുറവാണെങ്കിൽ അതിന്നുള്ള കാരണമെന്തു്;

(ഡി) ഇപ്പോൾ കൊടുക്കുന്നതുകൊണ്ടു് അവരുടെ ആവശ്യത്തിന്നു മതിയാകുമോ?

റാവു ബഹദൂർ ടി. കെ. നായർ :

(എ) മൽ കൊടുത്തിട്ടില്ല. 5.0 വാര ലോങ്ങ് ക്ലോത്ത് വീതം കൊടുത്തിരുന്നു.

(ബി) 1-12-0 മുതൽ 5.0 വാര ലോങ്ങ് ക്ലോത്ത് വീതം വിതരണം ചെയ്യുന്നുണ്ടു്.

(സി) ലോങ്ങ് ക്ലോത്ത് വേണ്ടത്ര കിട്ടുവാനുള്ള ബുദ്ധിമുട്ടുകൊണ്ടാണു്.

(ഡി) ഇപ്പോൾ കൊടുക്കുന്നതുകൊണ്ടു് ആവശ്യം ഒരുവിധം നിവൃത്തിച്ചുവരുന്നുണ്ടു്.

RETAIL SHOP AT VADAMA VILLAGE

108. Mr. P. A. Mohamed Ashroff *(Cranganur)*: Will Government be pleased to state.—

(*a*) whether the Government or the Director of Food Supplies has received any representation from the Muslims of Vadama village that a retail shop be granted there to a Muslim;

(*b*) will Government be pleased to place a copy of the representations received, the remarks of the subordinate officers, if any, and the orders passed thereon on the Council table;

(*c*) how many retail shops are there in Vadama village;

(*d*) the number of card-holders in Vadama village;

(*e*) is there any Fair Price Shop in Vadama village?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Yes.

(*b*) Copies of the three petitions received and the orders passed by the Director of Food Supplies on them are placed on the table. The remarks of the subordinate officers are confidential.

(*c*) Five.

(*d*) 1,254.

(*e*) No.

LIBRARY ARCHIVES Kerala Legislative Assembly